STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, info@scolekerala.org.www.scolekerala.org

നം: ബി2/1561/24/സ്കോൾ-കേരള തീയതി: 24.07.2024

**പത്രക്കുറിപ്പ്**

**സ്കോൾ കേരള - ഡിസിഎ ഒമ്പതാം ബാച്ച് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി**

സ്കോൾ കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സ് ഒമ്പതാം ബാച്ചിന്റെ 2024 മെയ് മാസത്തിൽ നടത്തിയ പരീക്ഷയുടെയും സപ്ലിമെന്ററി പരീക്ഷയുടെയും ഫലം പ്രസിദ്ധപ്പെടുത്തി. സംസ്ഥാനത്താകെ 1899 വിദ്യാർഥികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 1468 വിദ്യാർഥികൾ നിശ്ചിത യോഗ്യത നേടി. വിജയശതമാനം 77.3. 312 വിദ്യാർഥികൾ എല്ലാ വിഷയത്തിനും A+ Grade നേടി. പരീക്ഷാ ഫലം സ്കോൾ-കേരള വെബ് സൈറ്റിൽ (www.scolekerala.org) ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് അവരുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി മാർക്ക് ലിസ്റ്റിന്റെ പകർപ്പ് വെബ് സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്.

ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം/സ്ക്രൂട്ടിണി/ഫോട്ടോകോപ്പി എന്നിവയ്ക്ക് 25.07.2024 മുതൽ 30.07.2024 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.അപേക്ഷാ ഫോറം സ്കോൾ-കേരള വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിന് ഒരു പേപ്പറിന് 500/- രൂപയും, സ്ക്രൂട്ടിണി ഒരു പേപ്പറിന് 200/- രൂപയും, ഫോട്ടോ കോപ്പിയ്ക്ക് ഒരു പേപ്പറിന് 300/- രൂപയുമാണ് ഫീസ്. ഫീസ് ഓൺലൈനായും, ഓഫ് ലൈനായും അടയ്ക്കാവുന്നതാണ്. ഓഫ് ലൈനായി ഫീസ് അടയ്ക്കുന്നതിന് സ്കോൾ-കേരള വെബ്സൈറ്റിലെ (www.scolekerala.org) 'ജനറേറ്റ് ചെലാൻ' എന്ന ലിങ്കിൽ നിന്നും ഫീസ് അടയ്ക്കാനുള്ള ചെലാൻ ജനറേറ്റ് ചെയ്ത്, ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് ഒടുക്കാവുന്നതാണ്. ഫീസ് അടച്ച അസൽ ചെലാനും, മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഉൾപ്പെടെ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രം പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം സെക്രട്ടറി, ബോർഡ് ഓഫ് ഡി.സി.എ എക്സാം, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ 30.07.2024 വൈകുന്നേരം 5 മണിക്കകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ലായെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

STATE COUNCIL FOR OPEN AND LIFELONG EDUCATION-KERALA
Vidhya Bhavan
Poojappura
Thiruvananthapuram
695012
★ SCOLE-KERALA ★

സെക്രട്ടറി

C5/E/Pres/DCA/Ltr/35